**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1358** **07-10-2021 - ൽ മറുപടിയ്ക്ക്**

**നീന്തൽ അറിവിന് ബോണസ് പോയിന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഹയർ സെക്കന്ററി പ്രവേശനത്തിന് നീന്തൽ അറിവിന് ബോണസ് പോയിന്റ് നൽകുവാൻ ആരംഭിച്ചത് എന്ന് മുതലാണ്; ആയതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (എ) | 2010-11 അധ്യയന വർഷം മുതൽ. 2010 കായിക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ സ്കൂൾ വിദ്യാർത്ഥികൾക്കും നീന്തൽ പരിശീലനം നൽകാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് 2010-11 അധ്യയന വർഷം മുതൽ ഹയർ സെക്കണ്ടറി ഏകജാലക പ്രവേശനത്തിന് നീന്തൽ അറിവ് ഉള്ള അപേക്ഷകർക്ക് 2 ബോണസ് പോയിന്റ് നൽകുവാൻ ആരംഭിച്ചത്. |
| (ബി) | നീന്തൽ അറിവിന് ബോണസ് പോയിന്റ് ലഭിക്കുന്നതിന് ഈ അധ്യയന വർഷം എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ മാറ്റം എന്താണെന്നും അതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ? | (ബി) | ഉണ്ട്. അപേക്ഷകൻ താമസിക്കുന്ന കോർപ്പ റേഷൻ/ മുനിസിപ്പാലിറ്റി/ ഗ്രാമപഞ്ചായത്ത് സ്പോർട്സ് കൗൺസിലിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നവർക്കാണ് മുൻ വർഷങ്ങളിൽ ബോണസ് പോയിന്റ് ലഭിച്ചിരുന്നത്. എന്നാൽ മുൻ വർഷങ്ങളിൽ നീന്തൽ സർട്ടിഫിക്കറ്റിന്റെ ആധികാരികതയെപ്പറ്റി നിരവധി പരാതികൾ ലഭിച്ചതിനാൽ ഈ വർഷം മുതൽ സ..ഉ(സാധാ) നം.3667/2021/പൊ.വി.വ തീയതി 12/08/2021 പ്രകാരം അപേക്ഷകൻ ജില്ലാ സ്പോർട്സ് കൗൺസിലിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ